**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4432** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ ജീവിത ചെലവിനനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രീമെട്രിക്ക്/പോസ്റ്റ് മെട്രിക്ക് കോഴ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബുവിജയനാഥ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധനവിന്റെയും ഉയർന്നുവരുന്ന ജീവിതനിലവാര സൂചികകളുടെ അടിസ്ഥാനത്തിലും കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നുണ്ട്. |
| (ബി) | വിദേശ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ച എസ്.സി. വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിദേശത്ത് Post Graduate course - കൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്സ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പരമാവധി 25ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. |
| (സി) | പട്ടിക ജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ പഠനം നിർത്തിപ്പോയ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (സി) | ബിടെക് കോഴ്സ് പൂർത്തീകരിക്കാത്തവരോ, പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളതോ ആയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ. ഡി. യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി “സമുന്നതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് 50 മണിക്കൂറിൽ കുടാതെ ട്യൂഷൻ നൽകി പരീക്ഷക്ക് സജ്ജമാക്കുന്നു. നിലവിൽ 28 വിദ്യാർത്ഥികൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വിദ്യാർത്ഥികൾ ബി.ടെക് ഡിഗ്രി കരസ്ഥമാക്കിയിട്ടുമുണ്ട്. പട്ടികജാതിയിൽപെട്ട |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് വേണ്ടി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | സ്കൂൾ നവീകരണത്തിന്റെ ഭാഗമായി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ? | (ഡി) | മോഡൽ റസിഡൻഷ്യൽ നവീകരണത്തിനും പരിപാലനത്തിനുമായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി കൾ, ടോയ്ലറ്റ് നിർമ്മാണം, കുടിവെള്ള വിതരണം, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക്ക് ട്രാക്ക്, ജലശുദ്ധിക രണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ജാലകം, മിനിമാസ് ലൈറ്റ്, സോളാർ പവർപ്ലാന്റ്, സിസിടിവി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോഹസാർഡ് സ്പിൽകിറ്റ് എന്നിവ നടപ്പിലാക്കുന്നു. കൂടാതെ സ്കൂളുകളിലെ പഠനാന്ത രീക്ഷവും അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കംപ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക് ലൈബ്രറി എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ